ഹദീസ്

# ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ രാവ്

عن أَنس بن مالك رَضي الله عنه قَالَ: دَخلَ رَمَضانُ، فَقَالَ رَسُولُ اللَّه ﷺ: إنَّ هَذا الشَّهرَ قَدْ حَضَرَكُم وَفيه لَيْلَةٌ خَيرٌ من أَلْف شَهْر، مَن حُرمَها فَقَدْ حرمَ الخَيْرَ كُلَّه، ولاَ يُحْرَمُ خَيْرَها إلا مَحْرُومٌ

**അനസ്ബ്നു മാലികി(റ)ൽനിന്ന്: റമദാൻ ആഗതമായപ്പോൾ നബി(സ) പറഞ്ഞു: "ഒരു മാസം നിങ്ങൾക്കിതാ വന്നെത്തിയിരിക്കുന്നു! അതിൽ ആയിരം മാസങ്ങളേക്കാൾ ശ്രേഷ്ഠമായ ഒരു രാത്രിയുണ്ട്. അത് നഷ്ടപ്പെട്ടവന് സർവ നന്മയും നഷ്ടപ്പെട്ടു. നിർഭാഗ്യവാനല്ലാതെ അതിന്റെ അനുഗ്രഹം തടയപ്പെടുകയില്ല."***

**ആയിരം** മാസങ്ങളേക്കാൾ ശ്രേഷ്ഠതയുള്ള അനുഗൃഹീത രാവാണ് ലൈലത്തുൽ ഖദ്ർ. റമദാനിലെ ഏറ്റവും പവിത്രമായ രാവ്. വേദഗ്രന്ഥത്തിന്റെ അവതരണം കൊണ്ട് ചരിത്രത്തിൽ അമൂല്യമായിത്തീരുകയും മാനവരാശിയുടെ മുഴുവൻ നന്മകൾക്കും കാരണമായി ഭവിക്കുകയും ചെയ്ത മഹത്തായ രാത്രി. ഖുർആൻ ഈ രാവിന്റെ മഹത്വവും ശ്രേഷ്ഠതയും വ്യക്തമാക്കാൻ ഒരു അധ്യായം തന്നെ നീക്കിവെച്ചിട്ടുണ്ട്.

മനുഷ്യരുടെ ഒരു വർഷത്തെ ജീവിതരേഖകളും ഭാഗ്യനിർഭാഗ്യങ്ങളും തീരുമാനിക്കപ്പെടുന്ന രാത്രി. 'ദൈവ കൽപന പ്രകാരം കാര്യങ്ങൾ തീരുമാനിക്കപ്പെടുന്ന രാവ്' (44:4,5) എന്ന് ഖുർആൻ ആ രാത്രിയെ വിശേഷിപ്പിക്കുന്നുണ്ട്. ഒരാൾ തന്റെ ആയുഷ്കാലം മുഴുവനെടുത്താലും നേടിയെടുക്കാൻ കഴിയാത്ത നേട്ടങ്ങളും സൗഭാഗ്യങ്ങളുമാണ് ഒരു രാവ് കൊണ്ട് കൈവരുന്നത്. ഒരു തിരുവചനം ഇങ്ങനെയാണ്: "നിശ്ചയം എന്റെ സമുദായത്തിന് അല്ലാഹു പാരിതോഷികമായി നൽകിയതാണ് ലൈലത്തുൽ ഖദ്ർ. അത്തരത്തിലുള്ള ഒരനുഗ്രഹം മുമ്പുള്ളവർക്കാർക്കും നൽകപ്പെട്ടിട്ടില്ല" (ദൈലമി, കൻസുൽ ഉമ്മാൽ).

ദിവ്യ സന്ദേശത്തിന്റെ ചുമതല വഹിക്കുന്ന ജിബ്‌രീലി(അ)ന്റെ നേതൃത്വത്തിൽ മലക്കുകൾ ആ രാവിൽ ഭൂമിയിലിറങ്ങും. ആരാധനകളിൽ മുഴുകിക്കഴിയുന്ന സച്ചരിതരായ ദൈവദാസന്മാർക്ക് സലാം ചൊല്ലുകയും അനുഗ്രഹങ്ങൾക്കായി പ്രാർഥിക്കുകയും ചെയ്യും.

ആ രാവിൽ മണ്ണിലേക്കിറങ്ങുന്ന മാലാഖമാരുടെ എണ്ണത്തെക്കുറിച്ച് പ്രവാചകൻ(സ) പറഞ്ഞതിതാണ്: "നിശ്ചയം ആ രാത്രിയിലെ മലക്കുകളുടെ എണ്ണം ഭൂമിയിലെ ചരൽകല്ലുകളേക്കാളും കൂടുതലായിരിക്കും" (അഹ്മദ്, *ഫത്ഹുൽ ബാരി*).

മേൽ കൊടുത്ത കാരണങ്ങളാൽ പ്രവാചകനും അനുചരന്മാരും ലൈലത്തുൽ ഖദ്റിനെ സവിശേഷം പരിഗണിക്കുകയും അതിനു വേണ്ടി കാത്തിരിക്കുകയും ചെയ്യുമായിരുന്നു. റമദാന്റെ തുടക്കം മുതൽ തന്നെ പ്രവാചകൻ അതിനു വേണ്ട ഒരുക്കങ്ങൾ നടത്തും. അവസാനത്തെ പത്തിലെത്തിയാൽ പിന്നീട് വിശ്രമരഹിതമായ പ്രവർത്തനങ്ങളാണ്. ആഇശ(റ) പറയുന്നു: "റമദാനിലെ അവസാനത്തെ പത്തു ദിനങ്ങളായാൽ പ്രവാചകൻ(സ) മറ്റൊരു കാലത്തുമില്ലാത്തവിധം കഠിനമായ പരിശ്രമങ്ങളിലേർപ്പെടുമായിരുന്നു" (മുസ്‌ലിം, തിർമിദി). "അവിടുന്ന് ഭാര്യമാരെ വിളിച്ചുണർത്തുകയും രാത്രിയെ സജീവമാക്കുകയും സൽക്കർമങ്ങളിൽ വ്യാപൃതനാവുകയും അരമുറുക്കിയുടുക്കുകയും ചെയ്യുമായിരുന്നു" (ബുഖാരി, മുസ്‌ലിം).

ലൈലത്തുൽ ഖദ്ർ എന്നാണെന്ന് കൃത്യമായി വെളിപ്പെടുത്തിയിട്ടില്ല. ജനങ്ങൾ മറ്റു ദിവസങ്ങളെല്ലാം മാറ്റിവെച്ച് ആ രാത്രിയിൽ മാത്രമായി ആരാധനകളിൽ മുഴുകാതിരിക്കാൻ വേണ്ടിയാണിത്. സൈനബ് ബിൻത് ഉമ്മുസലമ(റ) പറയുന്നു: "ലൈലത്തുൽ ഖദ്ർ എന്നാണെന്ന് പ്രവാചകൻ(സ) അറിയിച്ചുതന്നിട്ടില്ല. അപ്രകാരം അറിയിച്ചിരുന്നെങ്കിൽ ആളുകൾ മറ്റു ദിവസങ്ങളിലൊന്നും എഴുന്നേറ്റ് നമസ്കരിക്കാതെ ആ രാത്രിയിൽ മാത്രം എഴുന്നേറ്റ് നമസ്കരിക്കുമായിരുന്നു!" (*ഫത്ഹുൽ ബാരി*). ■

**ജഅ്ഫർ എളമ്പിലാക്കോട്**
jafarelkd@gmail.com

** ഇമാം ഇബ്നുമാജ (1644) 'സുനനി'ൽ ഉദ്ധരിച്ചത്. ഹദീസ് 'ഹസൻ' ആണെന്ന് മുഹ്‌യുദ്ദീൻ ദീബ് മിസ്തു, സമീർ അഹ്മദുൽ അത്താർ, യൂസുഫ് അലി ബുദൈവി എന്നിവർ.*